# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 249

08.02.2016 ൽ
മറുപടിക്ക്

### എസ്.ഐ. റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വനിതകളുടെ നിയമനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.ജി.എസ്.ജയലാൽ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) 26.5.15 ന് നിലവിൽ വന്ന എസ്.ഐ. (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വനിതകൾക്ക് നിയമനം നൽകുന്നതിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br><br>(ബി) പ്രസ്തുത കാറ്റഗറിയിൽ നിയമനം നടത്തുന്നതിലേക്ക് എത്ര ഒഴിവുകൾ പി.എസ്.സിയിലേക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (എ) & (ബി) | 26.5.15 -ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (കാറ്റഗറി നമ്പർ 253/14) റാങ്ക് ലിസ്റ്റ് വനിതകളും പുരുഷന്മാരും ഉൾപ്പെട്ട സംയോജിത (integrated) റാങ്ക് ലിസ്റ്റാണ്. ഇതിൽ നിന്നും ക്രമപ്രകാരം മാത്രമേ നിയമനം നടത്തുവാൻ കഴിയുകയുള്ളു. വനിതകൾക്ക് മാത്രമായി നിയമനം നടത്തുവാൻ കഴിയുകയില്ല. 09.10.2014-ൽ റിപ്പോർട്ട് ചെയ്ത 30 വനിതാ സബ് ഇൻസ്പെക്ടർ മാരുടെ ഒഴിവുകൾ നികത്തുന്നതിനായി പ്രത്യേക വിജ്ഞാപനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി കേരള പബ്ലിക് സർവ്വീസ് കമ്മിഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ